
മേരി ഫ്രാൻസിസ് 3134 വോട്ടും കുഞ്ഞൻ പുലയൻ 1443 വോട്ടും നേടി എന്നത് ഒരു നേട്ടമായി വേണമെങ്കിൽ കണക്കാക്കാം. പക്ഷേ അതൊന്നും തന്നെ മൂലമ്പിള്ളിയിലെ കുടിയിറക്കപ്പെട്ടവരുടെയോ കർഷകരുടെയോ പ്രതിഷേധങ്ങളെ എങ്ങും എത്തിക്കുന്നില്ല. വികസനത്തെക്കുറിച്ചോ മുഖ്യധാരയിൽ ചർച്ച ചെയ്യപ്പെടുന്ന വികസനപ്രശ്നങ്ങൾ പോലുമോ വിഷയമാകാത്ത തെരഞ്ഞെടുപ്പ് ആഘോഷങ്ങൾക്കിടയിൽ വികസനത്തിന്റെ ഇരകൾ ദുർബലമായ ഒരു ഞരക്കം മാത്രമായി പോവുന്നതിന്റെ ദയനീയമായ ഉദാഹരണമായി ഈ സ്ഥാനാർത്ഥികൾ. തെരഞ്ഞെടുപ്പിൽ മത്സരിച്ചുകൊണ്ട് പ്രതിഷേധിക്കാനുള്ള തീരുമാനം ഒരു മണ്ടൻ ആശയമോ ആത്മഹത്യാപരമായ ഒരു തന്ത്രമോ മാത്രമാവുന്നു.




# ഡെമോക്രസിയെക്കുറിച്ചുള്ള അന്ധവിശ്വാസങ്ങൾ

കെ ആർ രൺജിത്ത്

തെരഞ്ഞെടുപ്പ് നല്ല പൗരന്മാർക്കുള്ളതാണ്. എല്ലാവരും പങ്കെടുത്തുകൊള്ളണമെന്ന് നിർബന്ധവുമില്ല. പാപ്പരായവർക്ക് മത്സരിക്കാനും കഴിയില്ല. ബുദ്ധിസ്ഥിരതയില്ലാത്തവർക്കും മഹത്തായ ജനാധിപത്യപ്രക്രിയ നിഷേധിച്ചിരിക്കുന്നു. ഇത്തരം യോഗ്യതയില്ലാത്ത ഏതൊരാൾക്കും ഇന്ത്യൻ പൗരൻ എന്ന ലേബലിൽ ഏത് ഇലക്ഷനും മത്സരിക്കാം.

മഹത്തായ ഇന്ത്യൻ തമാശ എന്ന് ചിലരെങ്കിലും വിശേഷിപ്പിക്കുന്ന ഈ കാളകളിയിൽ പക്ഷേ, പ്രതിരോധസമരക്കാർക്കും ചെറിയ ഗ്രൂപ്പുകൾക്കും എന്താണ് പ്രസക്തി എന്ന് ആലോചിച്ചുപോയാൽ ജനാധിപത്യത്തിന്റെ സമ്മോഹനമായ വാഗ്ദാനങ്ങൾക്കകത്ത് പതിയിരിക്കുന്ന ജനവിരുദ്ധത തന്നെയാണ് മറനീക്കി പുറത്തുവരുന്നത്. ഓർത്തുപോയത് എറണാകുളത്തും തൃശ്ശൂരും മത്സരിച്ച രണ്ട് പാവം സ്ഥാനാർത്ഥികളെക്കുറിച്ചാണ്. മൂലമ്പിള്ളിയിൽ നിന്ന് കുടിയൊഴിപ്പിക്കപ്പെട്ടവരുടെ പ്രതിഷേധം അറിയിക്കാൻ മത്സരിച്ച മേരിഫ്രാൻസിസും തൃശ്ശൂരിൽ ചാവേറായി നിന്ന കുഞ്ഞൻ പുലയനും. പണവും മതവും ജാതിയും അവിശുദ്ധ രാഷ്ട്രീയ ബന്ധങ്ങളും വോട്ടു മറിക്കലും തിരിക്കലും പിടിച്ചുവെയ്ക്കലുമടക്കം എല്ലാത്തരം തന്ത്രകുതന്ത്രങ്ങളും പയറ്റുന്ന ഗോദയിൽ ഈ പാവങ്ങൾ എന്തിനാണിറങ്ങിയത്? തെരഞ്ഞെടുപ്പ് പ്രതിഷേധത്തിന്റെ വേദിയാണെന്ന് അവരെ ആരാണ് തെറ്റിദ്ധരിപ്പിച്ചത്?

മേരി ഫ്രാൻസിസ് 3134 വോട്ടും കുഞ്ഞൻ പുലയൻ 1443 വോട്ടും നേടി എന്നത് ഒരു നേട്ടമായി വേണമെങ്കിൽ കണക്കാക്കാം. പക്ഷേ അതൊന്നും തന്നെ മൂലമ്പിള്ളിയിലെ കുടിയിറക്കപ്പെട്ടവരുടെയോ കർഷകരുടെയോ പ്രതിഷേധങ്ങളെ എങ്ങും എത്തിക്കുന്നില്ല. വികസനത്തെക്കുറിച്ചോ മുഖ്യധാരയിൽ ചർച്ച ചെയ്യപ്പെടുന്ന വികസനപ്രശ്നങ്ങൾ പോലുമോ വിഷയമാകാത്ത തെരഞ്ഞെടുപ്പ് ആഘോഷങ്ങൾക്കിടയിൽ വികസനത്തിന്റെ ഇരകൾ ദുർബലമായ ഒരു ഞരക്കം മാത്രമായി പോവുന്നതിന്റെ ദയനീയമായ ഉദാഹരണമായി ഈ സ്ഥാനാർത്ഥികൾ. തെരഞ്ഞെടുപ്പിൽ മത്സരിച്ചുകൊണ്ട് പ്രതിഷേധിക്കാനുള്ള തീരുമാനം ഒരു

മണ്ടൻ ആശയമോ ആത്മഹത്യാപരമായ ഒരു തന്ത്രമോ മാത്രമാവുന്നു. (ജീവിതം വഴിമുട്ടിയവർക്കുമുമ്പിൽ ആത്മഹത്യപോലും ഒരു പ്രതിഷേധമോ തന്ത്രമോ മാത്രമല്ല എന്ന യാഥാർത്ഥ്യം മറന്നുകൊണ്ടല്ല ഇതെഴുതുന്നത്.)

മൂലമ്പിള്ളിയിൽ കുടിയൊഴിപ്പിക്കപ്പെട്ടവരുടെ പ്രതിഷേധം സ്റ്റേറ്റിനെതിരായുള്ള സമരമായി വ്യാഖ്യാനിക്കാനാണ് ഭരണകൂടം എന്നും ശ്രമിച്ചത്. വികസനത്തിനെതിരെ ചില ഒറ്റയാൻമാരുടെ സ്ഥാപിത താൽപര്യപ്രകാരമുള്ള വിലപേശൽ സമരമായാണ് അത് വ്യാഖ്യാനിക്കപ്പെട്ടത്. ഇന്ത്യയിലെ ഏറ്റവും ജനകീയനായ മുഖ്യമന്ത്രി എന്ന് ദേശീയ മാധ്യമങ്ങൾ വിശേഷിപ്പിക്കുകയും ജനകീയ പ്രശ്നങ്ങളിൽ സജീവമായി ഇടപെടുകയും ചെയ്യുന്ന നേതാവ് എന്ന് കീർത്തി നേടിയ വി എസ് അച്യുതാനന്ദൻ മൂലമ്പിള്ളി സമരത്തെ വിശേഷിപ്പിച്ചത് ചില നക്സലൈറ്റുകളുടെ കുത്തിത്തിരിപ്പായിട്ടാണ്. നക്സലൈറ്റുകളും ഭീകരരുമാണ് ഇന്ത്യ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി എന്ന് ഓരോ സ്വാതന്ത്ര്യദിനത്തിലും ഇന്ത്യൻ ഭരണകൂടം അതിന്റെ വലിയ നാവുകളിലൂടെ നമ്മെ ഓർമ്മിപ്പിച്ചുകൊണ്ടിരിക്കുന്നു എന്നത് ഇതോട് ചേർത്തുവായിക്കുമ്പോൾ ചിത്രം വ്യക്തമാവും. മൂലമ്പിള്ളി സമരം രാജ്യത്തിനെതിരായ സമരമാണെന്നും രാജ്യത്തിന്റെ ഏറ്റവും വലിയ ശത്രുക്കളോട് ചേർന്നുനിന്നുകൊണ്ടുള്ള ഗൂഢാലോചനയാണെന്നുമാണ് വി എസ് പറയാതെ പറഞ്ഞത്. 'രാജ്യത്തിന്റെ മുഖ്യശത്രുക്ക'ളോട് ചേർന്നുനിന്ന് സമരം ചെയ്തവരെ ജനം കയ്യൊഴിഞ്ഞുവെന്ന് വ്യാഖ്യാനിക്കാൻ ഇനി എളുപ്പമാണ്.

ഏഴായിരത്തിലധികം ജനങ്ങൾ കൂട്ടമായി പ്രതിഷേധിക്കുന്ന ചെങ്ങറ സമരം പോലും ഈ തെരഞ്ഞെടുപ്പിൽ ചർച്ചയ്ക്ക് വന്നില്ല. അവരുടെ പ്രതിഷേധം ഇവിടെ തെരഞ്ഞെടുപ്പിൽ ഉയർന്നതുമില്ല. പക്ഷേ, മൂലമ്പിള്ളി മുതൽ ചെങ്ങറ വരെയുള്ള പ്രതിഷേധങ്ങളെല്ലാം തന്നെ ജനവിധിയെ പലതരത്തിൽ രൂപപ്പെടുത്തിയിട്ടുണ്ടായിരിക്കണം. ആ പ്രതിഷേധങ്ങളെ ഒറ്റതിരിച്ചെടുത്ത് വോട്ടാക്കാൻ ശ്രമിക്കുന്നിടത്താണ് നമ്മുടെ ചെറുപ്രതിരോധങ്ങൾ തന്ത്രപരമായി പാളുന്നത്. മൂലമ്പിള്ളിയുടെ പ്രതിഷേധം മൂവായിരത്തിൽപരം ആളുകളിൽ മാത്രം ഒതുങ്ങുന്ന ഒന്നായി വ്യാഖ്യാനിക്കാൻ ഇനി എളുപ്പമാണ്.

ഇതേ പാളിച്ച കൊക്കക്കോളയുടെ ഗുണഭോക്താവും വക്താവുമാണെന്ന കാരണത്താൽ ശശി തരൂരിനെ തോൽപിക്കാൻ നടത്തിയ ശ്രമങ്ങൾക്കുപിന്നിലും നിഴലിക്കുന്നു. കൊക്കക്കോളയുടെ സ്വയം പ്രഖ്യാപിത അംബാസിഡറും വക്താവുമായ ശശി തരൂരിനെ തോൽപിക്കുന്നതിന് വേണ്ടി നന്ദിഗ്രാം മുതൽ മൂലമ്പിള്ളി വരെയുള്ള സാധാരണക്കാരുടെ ചോരപുരണ്ട ഇടത് ഗാങ്ങിന്റെ ചേരിയിൽ സ്വയം ചെന്നുനിന്നുകൊടുക്കുകയാണ് കൊക്കക്കോള വിരോധികൾ (കേരളീയം അടക്കം) ചെയ്തത്. കേരളീയത്തിന്റെ ശശിതരൂർ വിരുദ്ധ സ്പെഷ്യൽ പതിപ്പ് കൊണ്ടുനടന്ന് വിതരണം ചെയ്തത് നന്ദിഗ്രാമിൽ കർഷകർക്ക് നേരെ സ്വന്തം ഗുണ്ടാപ്പടയെ നയിച്ച അതേ സി പി ഐ എം കാരായിരുന്നു എന്നത് എന്തൊരു വിരോധാഭാസമാണ്!

ചെറിയ പ്രതിരോധങ്ങളും പ്രാദേശിക ജനകീയ സമരങ്ങളും പൊതുസമൂഹത്തിൽ ഇടപെടുന്നതിന്റെ രീതികളെക്കുറിച്ചും പുതിയ സമരരൂപങ്ങളെക്കുറിച്ചുമുള്ള ചർച്ചകൾ ഉയർന്നുവരുന്നതിലേക്കുതന്നെയാണ് നമ്മുടെ ചർച്ചകൾ മുന്നോട്ടുപോകേണ്ടത്. തികച്ചും പണാധിഷ്ഠിതവും മത-വർഗ്ഗീയ ബന്ധങ്ങളാൽ മാറി മറിയുകയും ചെയ്യുന്ന ജനവിധിയുടെ പങ്ക് ചോദിച്ചുചെല്ലുന്നത് എന്തായാലും ഇത്തരം പ്രതിഷേധങ്ങളുടെ ലക്ഷ്യത്തേയും മാർഗത്തേയും ആത്യന്തികമായി അട്ടിമറിക്കുകയാണ് ചെയ്യുന്നത്. ജനാധിപത്യത്തിലുള്ള വിശ്വാസവും സമൂഹത്തിലുള്ള വിശ്വാസവും നമ്മെ രക്ഷിച്ചുകൊണ്ടേയിരിക്കട്ടെ. പക്ഷേ, സ്വയം വിഡ്ഢികളല്ലെന്ന് വിശ്വസിക്കാനെങ്കിലും പുതിയ മാർഗങ്ങൾ നമ്മൾ കണ്ടെത്തേണ്ടിയിരിക്കുന്നു.

**ജൂൺ 5 ലോക പരിസ്ഥിതിദിനം**

മണ്ണൊലിപ്പ് തടയുക.
**രാമച്ചകൃഷിക്കുവേണ്ടി ഒരു മുഴുവൻ ദിനം**
പ്രദർശനം, ചർച്ചകൾ, പ്രകാശനം
രാവിലെ 10 മുതൽ വൈകീട്ട് 6 വരെ
സാഹിത്യ അക്കാദമി, തൃശൂർ.

ബന്ധങ്ങൾക്ക്:
കെ. ആർ. ഇന്ദിര. 94470 21885, പ്രകാശ് 9895034455

**ഡി. ടി. പി. ഓപ്പറേറ്ററെ ആവശ്യമുണ്ട്**

കേരളീയം മാസികയ്ക്ക് മലയാളം ഡാറ്റ എൻട്രി അറിയാവുന്ന (ലേ ഔട്ട് അധിക യോഗ്യതയായി കണക്കാക്കും) ഡി.ടി.പി. ഓപ്പറേറ്ററെ ആവശ്യമുണ്ട്. ആകർഷകമായ ശമ്പളം.

**കേരളീയം**
**കൊക്കാലെ, തൃശൂർ-21**
**9446576943**



**കേരളീയം കൂട്ടായ്മ**

**താങ്കളുടെ സഹായം തേടുന്നു.**
കൂട്ടായ്മ അംഗത്വം 10,000 രൂപ. ആജീവാനന്ത വരിസംഖ്യ
വിദേശത്തേക്ക് 8000 രൂപ. ഇന്ത്യയിൽ 5,000 രൂപ
വാർഷിക വരിസംഖ്യ 12 ലക്കം :
ഇന്ത്യയിൽ 240 രൂപ, സ്ഥാപനങ്ങൾക്ക് 500 രൂപ, വിദേശത്തേക്ക് 1000 രൂപ
കത്തുകൾ, വാർത്തകൾ, സംഭാവന, വരിസംഖ്യ തുടങ്ങിയവ എത്തിക്കുക.

ബന്ധപ്പെടുക : കേരളീയം, കൊക്കാലെ, തൃശൂർ-21
Ph : 9446576943 robinkeraleeyam@gmail.com